# ARCHBISHOP ANDREWS THAZHATH
**Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly**
Major Archbishop's House, Ernakulam, P.B No. 2580,
Kochi, Kerala - 682031, INDIA. Ph. 0484-23552629; 2352906
Email: athazhath@gmail.com; Curia: curiaekm@hotmail.com; Website : www.ernakulamarchdiocese.org

---

## എറണാകുളം ബസിലിക്കയിലെ സംഭവവികാസങ്ങൾ വേദനാജനകം

**2022 ഡിസംബർ മാസത്തിൽ, പ്രത്യേകിച്ച് 23, 24 തിയതികളിൽ എറണാകുളം ബസിലിക്കയിൽ നടന്ന സംഭവങ്ങൾ വേദനാജനകവും അപലപനീയവുമാണ്. പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ സിനഡ് തീരുമാനം നടപ്പാക്കാൻ ഫ്രാൻസിസ് മാർപാപ്പ നിയോഗിച്ച അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ആൻഡ്രൂസ് താഴത്ത് നിയമിച്ച ഫാദർ ആന്റണി പൂതവേലിലിനെ തടയുകയും നിയമാനുസൃതമല്ലാത്ത കുർബാന അർപ്പിക്കുകയും ചെയ്തത് സഭയുടെ നിയമങ്ങൾക്കും ചൈതന്യത്തിനും എതിരായ ഗൗരവമായ തെറ്റാണെന്ന് വിലയിരുത്തി. അനധികൃതമായി വന്ന് തുടർച്ചയായി രാത്രിയിലടക്കം വൈദികർ മാറി മാറി കുർബാനയർപ്പിച്ചതും സഭയുടെ ചൈതന്യത്തിന് നിരക്കാത്തതാണ്. മാത്രമല്ല, പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന രീതിയിൽ പള്ളിയകത്തും മദ്ബഹയിലും വിവിധ വിഭാഗങ്ങൾ നടത്തിയ പ്രതിഷേധ പ്രകടനങ്ങളും ഗൗരവമായ തെറ്റാണ്. സഭാനിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ മേലധികാരികളുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ശക്തമായ നടപടികൾ ഉണ്ടാകും. എറണാകുളം ബസിലിക്കയിൽ പരിശുദ്ധ കുർബാനയും അതുവഴി സഭയും അവഹേളിക്കപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ക്രിസ്തുമസ് ദിനത്തിൽ എല്ലാ പള്ളികളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തുവാനും തുടർന്നുള്ള ദിവസങ്ങളിൽ പരിഹാരപ്രവർത്തനങ്ങളും ആരാധനയും നടത്തുവാനും ആഹ്വാനം ചെയ്യുന്നു.**

**അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ**
**എറണാകുളം- അങ്കമാലി അതിരൂപത**
**24-12-2022**